

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



# 19. മാർക്സിസത്തിന്റെ സ്വാധീനം

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


19 മാർക്സിസത്തിന്റെ സ്വാധീനം . . . . . . . . . . . . . . 1

1 വർഗ്ഗസമരങ്ങളിൽ നിന്ന് ട്രേഡ് യൂണിയനി ലേക്ക് . . . . . . . . . . . . . . . . . . . 2

2 കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവിർഭാവം . . . . . . . . . . . . . . . 3

3 മാർക്സിസ്റ്റാശയങ്ങളുടെ പ്രചാരം . . . 4

4 പുതിയ സാഹചര്യങ്ങൾ . . . . . . . 5

5 റഷ്യൻ വിപ്ലവത്തിന്റെ നേട്ടങ്ങൾ . . . 6

6 മാർക്സിസത്തിന്റെ പ്രാധാന്യം . . . . 7

7 മാർക്സിസത്തിന്റെ തത്വശാസ്ത്രം . . . . 8

8 പുതിയ ലക്ഷ്യവും പുതിയ ബോധവും . 9

9 ദൗർബല്യങ്ങളും തടസ്സങ്ങളും . . . . . 10

# 19

# മാർക്സിസത്തിന്റെ സ്വാധീനം

കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, ഒന്നാം ലോകമഹായുദ്ധം മനുഷ്യജീവിതത്തിലെ എല്ലാ മേഖലകളിലും സാരമായ മാറ്റങ്ങളുളവാക്കി. റഷ്യയിലെ തൊഴിലാളി വിപ്ലവവും സോവിയറ്റ് യൂണിയന്റെ ആവിർഭാവവും സോഷ്യലിസ്റ്റ് ആശയങ്ങളുടെ അത്ഭുതപൂർവമായ പ്രചാരവുമായിരുന്ന ഏറ്റവും മുഖ്യമായ സംഭവവികാസങ്ങൾ. അതിനുമുമ്പ തന്നെ സോഷ്യലിസം എന്ന ആശയം ഇന്ത്യയിൽ തലപൊക്കാൻ തുടങ്ങിയിരുന്നു എന്നത് ശരിയാണ്. ഉദാഹരണമായി, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ അദ്ധ്വാനിക്കുന്ന തൊഴിലാളികളുടെ നേതൃത്വത്തിലുള്ള ഒരു സോഷ്യലിസ്റ്റ് സമുദായമായിരിക്കണം ഇന്ത്യയുടെ ലക്ഷ്യം എന്ന് സ്വാമി വിവേകാനന്ദൻ പ്രഖ്യാപിക്കുകയുണ്ടായി. 1912-ൽ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള മലയാളത്തിൽ കാറൽ മാർക്സിന്റെ ഒരു ജീവചരിത്രം പ്രസിദ്ധം ചെയ്തു. മാർക്സിനെപ്പറ്റി ഇന്ത്യയിൽ പ്രസിദ്ധം ചെയ്യപ്പെട്ട ഒന്നാമത്തെ ഗ്രന്ഥമാണത് എന്നു തോന്നുന്നു. എന്നാൽ, സോഷ്യലിസം എന്ന ആശയത്തെ ജീവനുള്ള ഒരു യഥാർത്ഥ്യമാക്കി മാറ്റിയത് റഷ്യൻ വിപ്ലവത്തിൽ നിന്നുയർന്നുവന്ന തൊഴിലാളി വർഗ്ഗസർവാധിപത്യമാണ്. ഈ യാഥാർത്ഥ്യത്തിൽ നിന്നു പ്രചോദനം നേടിയ തൊഴിലാളികളുടെ സമരങ്ങളും അവയ്ക്കു നേതൃത്വം നൽകിയ കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ പുതിയൊരു ഘട്ടത്തിലേക്കുയർത്തി. രാഷ്ട്രീയവും സാമ്പത്തികവും ആശയപരവുമായ എല്ലാ മണ്ഡലങ്ങളിലും സോഷ്യലിസത്തിന്റെ സ്വാധീനം അനുഭവപ്പെടാൻ തുടങ്ങി.

## 1 വർഗ്ഗസമരങ്ങളിൽ നിന്ന് ട്രേഡ് യൂണിയനിലേക്ക്

1908-ൽ ബാലഗംഗാധരതിലകന്റെ അറസ്റ്റിൽ പ്രതിഷേധം രേഖപ്പെടുത്താൻ വേണ്ടി ബോംബെയിലെ തൊഴിലാളികൾ ഒരു പണിമുടക്കം നടത്തുകയുണ്ടായി. അതാണെന്ന തോന്നുന്ന ഇന്ത്യയിലെ തൊഴിലാളിവർഗ്ഗം നടത്തിയ ആദ്യത്തെ രാഷ്ട്രീയസമരം. എന്നാൽ, ഒന്നാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ അസംതൃപ്തിയുടെയും അസ്വാസ്ഥ്യത്തിന്റെയും സാഹചര്യത്തിലാണ് അവർ സ്വന്തമായ ഉദ്ദേശ്യങ്ങളും സ്വന്തമായ കർമ്മപരിപാടികളുമുള്ള ഒരു സ്വതന്ത്ര്യരാഷ്ട്രീയശക്തിയായി രംഗപ്രവേശം ചെയ്തത്. സ്വന്തം സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടി മാത്രമല്ല, രാജ്യത്തിന്റെ രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടിയും അവർ സമരങ്ങൾ നടത്താൻ തുടങ്ങി. ജാലിയൻവാലാബാഗിലെ കൂട്ടക്കൊലകൾക്കെതിരായി അവർ നടത്തിയ പ്രതിഷേധസമരം എടുത്തുപറയത്തക്കതാണ്. 1919-ലെ മൊൺടേഗു–ചെംസ്ഫോർഡ് ഭരണപരിഷ്ക്കാരങ്ങൾ അവരുടെ അസംതൃപ്തിയെ ആളിക്കത്തിക്കുകയാണ് ചെയ്തത്. ഈ പുതിയ ഉണർവിനെക്കുറിച്ച് 1920-ൽ ലെനിൻ ഇങ്ങനെ എഴുതി: “ബ്രിട്ടീഷിന്ത്യയാണ് ഈ രാജ്യങ്ങളുടെ മുന്നണിയിൽ നിൽക്കുന്നത്. ഒരുവശത്ത് വ്യാവസായിക തൊഴിലാളികളുടെയും റെയിൽവേ തൊഴിലാളികളുടെയും വളർച്ച, മറുവശത്ത് കൂടെക്കൂടെ കൂട്ടക്കൊലയും (അമൃതസർ) പരസ്യമായ ചമ്മട്ടിപ്രയോഗവും മറ്റും നടത്തുന്ന ബ്രിട്ടീഷുകാരുടെ മൃഗീയഭീകരതകൾ—ഇവയുടെ ആധിക്യത്തിന്റെ അനുപാതമനുസരിച്ച് അവരുടെ വിപ്ലവവും പക്വമായിക്കൊണ്ട് വരികയാണ്”. [1]

മതവും ദേശീയപ്രസ്ഥാനവും തമ്മിലുള്ള ബന്ധമെന്തായിരിക്കണമെന്നതാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇന്ത്യയിലെ രാഷ്ട്രീയനേതാക്കന്മാരെ അലട്ടിയ ഒരു മുഖ്യമായ പ്രശ്നം. വിഭാഗീയചിന്തകൾക്കു പ്രോത്സാഹനം നൽകിയ വർഗ്ഗീയവാദത്തിന്റെയും ജാതിവ്യത്യാസങ്ങളുടെയും തടസ്സങ്ങളെ നേരിട്ടുകൊണ്ട് ദേശീയപ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതെങ്ങനെ എന്നാണ് അവർ ആലോചിച്ചത്. സാമൂഹ്യപരിഷ്ക്കരണം, ഹിന്ദു–മുസ്ലീം മൈത്രി, അയിത്തോച്ചാടനം മുതലായ പരിപാടികൾ നടപ്പിൽ വരുത്തിക്കൊണ്ട് ജനങ്ങളെയാകെ യോജിപ്പിച്ചണിനിരത്താതെ ദേശീയലക്ഷ്യങ്ങൾ നേടാൻ കഴിയില്ലെന്ന് ഒരു വിഭാഗം നേതാക്കന്മാർ അഭിപ്രായപ്പെട്ടപ്പോൾ മതവിദ്വേഷവും ജാതിമത്സരവും ബ്രിട്ടീഷുകാരുടെ സൃഷ്ടികളാണെന്നും ബ്രിട്ടീഷുഭരണമവസാനിപ്പിക്കാതെ ഇന്ത്യയുടെ സാമൂഹ്യപ്രശ്നങ്ങളൊന്നും തന്നെ പരിഹരിക്കാൻ കഴിയില്ലെന്നും മറ്റൊരു വിഭാഗം വാദിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അവർക്ക് പുതിയൊരു പ്രശ്നത്തെക്കൂടി നേരിടേണ്ടിവന്നു: ദേശീയപ്രസ്ഥാനവും തൊഴിലാളിപ്രസ്ഥാനവും തമ്മിലുള്ള ബന്ധം. അതേവരെ ഏറെക്കുറെ ശാന്തമായി അടങ്ങിയൊതുങ്ങിക്കഴിഞ്ഞിരുന്ന തൊഴിലാളികൾ പെട്ടെന്ന് സമരരംഗത്തിറങ്ങിയപ്പോൾ മുതലാളികൾ മാത്രമല്ല, ദേശീയനേതൃത്വത്തിലുള്ള ഒരു വിഭാഗവും അന്തംവിട്ടുപോയി. തൊഴിലാളികൾ മുതലാളികൾക്കെതിരായി നടത്തുന്ന സമരങ്ങൾ ദേശീയപ്രസ്ഥാനത്തെ ക്ഷീണിപ്പിക്കുമെന്ന് അവർ താക്കീതുനൽകി. മുതലാളികളും തൊഴിലാളികളും പരസ്പരം വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ട് സഹകരിച്ചു ജീവിക്കണമെന്നാണ് മഹാത്മാഗാന്ധി ഉപദേശിച്ചത്. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ മുതലാളികളോടും മുതലാളികളെ കുടുംബനാഥന്മാരെപ്പോലെ കണക്കാക്കാൻ തൊഴിലാളികളോടും അദ്ദേഹം ആവശ്യപ്പെട്ടു. മറ്റൊരു വിഭാഗം ദേശീയനേതാക്കന്മാർ തൊഴിലാളികളോട് അനുഭാവം പ്രകടിപ്പിക്കുകയും അവരുടെ സമരങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു. അടിയന്തരാവശ്യങ്ങൾക്കുവേണ്ടി തൊഴിലാളികൾ നടത്തുന്ന സമരങ്ങളെ പിന്താങ്ങണമെന്നും തൊഴിലാളി പ്രസ്ഥാനത്തെയും ദേശീയപ്രസ്ഥാനത്തെയും തമ്മിൽ കൂട്ടിയിണക്കണമെന്നും അവരഭിപ്രായപ്പെട്ടു. സി.ആർ. ദാസ് പറഞ്ഞു: “അവരുടെ (തൊഴിലാളികളുടെയും കൃഷിക്കാരുടെയും) പ്രത്യേകതാല്പര്യങ്ങളുടെ അടിസ്ഥാനത്തിലും കൂടുതൽ ഉന്നതമായ ആദർശത്തിന്റെ അടിസ്ഥാനത്തിലും നമുക്കവരെ സംഘടിപ്പിക്കുക. ആദർശത്തിലെത്തണമെങ്കിൽ അവരുടെ പ്രത്യേകതാല്പര്യങ്ങൾ സംരക്ഷിക്കുകയും അതേസമയത്തുതന്നെ ആ പ്രത്യേകതാല്പര്യങ്ങൾ സ്വരാജ് എന്ന ലക്ഷ്യത്തോട് കൂറു കാണിക്കുകയും ചെയ്യണം”. 1919-ൽ കൂടിയ കോൺഗ്രസിന്റെ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് മോത്തിലാൽ നെഹ്റു പ്രഖ്യാപിച്ചു. തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തണമെന്നും അവർക്ക് വോട്ടവകാശം നൽകണമെന്നും. അടുത്തവർഷം ലാഹോറിൽവെച്ചു കൂടിയ കോൺഗ്രസ് സമ്മേളനം തൊഴിലാളി സംഘടനകൾ കെട്ടിപ്പടുക്കണമെന്ന പ്രമേയം പാസ്സാക്കി. 1920-ൽ അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് സ്ഥാപിക്കപ്പെട്ടു.

---

1. V. I. Lenin: Selected works, Vol. X, P. 731.

# 2 കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവിർഭാവം

സ്വാതന്ത്ര്യസമരത്തിൽ സജീവമായ പങ്കു വഹിച്ച പുരോഗമനവാദികളായ പലരും—പ്രത്യേകിച്ചും യുവാക്കന്മാർ—മാർക്സിസ്റ്റാശയങ്ങളാൽ ആകർഷിക്കപ്പെട്ടതും ഇക്കാലത്താണ്. 1923 ആയപ്പോഴേക്കും ബോംബെ, മദ്രാസ്, കൽക്കത്ത, കാൺപൂർ, ലാഹോർ എന്നീ വ്യാവസായിക കേന്ദ്രങ്ങളിലെല്ലാം ചെറിയ കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ നിലവിൽ വന്നു. എസ്.എ. ഡാംഗേ, എസ്.വി. ഘാട്ടേ, മുസാഫർ അഹമ്മദ്, ശിങ്കാരവേലു ചെട്ടിയാർ, സക്ലത്വാല മുതലായവരായിരുന്ന ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാലനേതാക്കന്മാർ. ജർമനിയിലും സോവിയറ്റ് യൂണിയനിലും കുടിയേറിപ്പാർത്ത രാഷ്ട്രീയപ്രവർത്തകർക്കിടയിലും കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ രൂപമെടുത്തു. മൂന്നാം ഇന്റർനാഷണലിന്റെ രണ്ടാം കോൺഗ്രസിൽ ദേശീയ–കൊളോണിയൽ പ്രശ്നങ്ങളെക്കുറിച്ച് ലെനിനുമായി വാദപ്രതിവാദം നടത്തുകയും അടിമരാജ്യങ്ങളുടെ സാമ്പത്തിക–രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ നയതന്ത്രങ്ങൾ രൂപവൽക്കരിക്കാൻ സഹായിക്കുകയും ചെയ്ത എം.എൻ. റോയിയാണ് അക്കൂട്ടത്തിൽ ഏറ്റവും പ്രഗത്ഭൻ. മോത്തിലാൽ നെഹ്റു, ലാലാലജ്പത് റായ്, സി.ആർ. ദാസ് തുടങ്ങിയ ചില കോൺഗ്രസ് നേതാക്കന്മാർ, ആദ്യകാലത്ത് പ്രത്യേകിച്ചും, കമ്യൂണിസ്റ്റുകാരുടെ പ്രവർത്തനങ്ങളെ അനുഭാവത്തോടുകൂടിയാണ് വീക്ഷിച്ചത്. കോൺഗ്രസ്സിനുള്ളിൽ കമ്യൂണിസ്റ്റാശയങ്ങൾ പ്രചരിപ്പിക്കാൻ അവരുടെ സഹകരണം പ്രയോജനപ്പെട്ടു.

കമ്യൂണിസ്റ്റുകാർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി വിവിധഭാഷകളിൽ പത്രങ്ങൾ പ്രസിദ്ധം ചെയ്തു. ഇംഗ്ലീഷിൽ 'സോഷ്യലിസ്റ്റ്', ബംഗാളിയിൽ ആദ്യം 'നവയുഗം' പിന്നീട് 'ഗണവാണി'യും, മറാഠിയിൽ 'കീർത്തി', ഉർദുവിൽ 'ഇങ്ക്വിലാബ്' എന്നിവയാണ് അവയിൽ പ്രധാനം. അതോടൊപ്പം തന്നെ നിരവധി ലഘുലേഖകളും ഏതാനും പുസ്തകങ്ങളും അവർ പ്രസിദ്ധം ചെയ്തു. ഡാംഗെയുടെ 'ലെനിനും ഗാന്ധിയും', എം.എൻ. റോയിയുടെ 'പരിവർത്തനകാലഘട്ടത്തിലെ ഇന്ത്യ' എന്നീ പുസ്തകങ്ങൾ പ്രത്യേകം എടുത്തു പറയത്തക്കവയാണ്. ഇന്ത്യയുടെ സാമൂഹ്യ–സാമ്പത്തിക സാഹചര്യങ്ങളെയും വർഗ്ഗബന്ധങ്ങളെയും മാർക്സിസത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യാനും സ്വാതന്ത്ര്യസമരത്തിന് കോൺഗ്രസ്സിന്റേതിൽ നിന്നു വ്യത്യസ്തമായ ഒരു മാർഗ്ഗം കണ്ടുപിടിക്കാനുമുള്ള പരിശ്രമങ്ങളായിരുന്നു അവ. തൊഴിലാളികളും ഇടത്തരക്കാരും മാത്രമല്ല, ലിബറൽ ചിന്താഗതിക്കാരായ ചില ധനികന്മാരും ഇത്തരം പ്രസിദ്ധീകരണ സംരംഭങ്ങൾക്കു പ്രോത്സാഹനം നൽകി. രഞ്ചദാസ് ദവാൻ ലോട്വാല എന്ന ഒരു മില്ലുടമസ്ഥന്റെ നിർലോഭമായ ധനസഹായത്തോടു കൂടിയാണ് ചില മാർക്സിസ്റ്റ് ഗ്രന്ഥങ്ങളുടെ പരിഭാഷകളും ഇന്ത്യയുടെ സാമ്പത്തിക–രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചുള്ള വിശകലനങ്ങളും പ്രസിദ്ധം ചെയ്യപ്പെട്ടത്. ഒട്ടനവധി മാർക്സിസ്റ്റ് ഗ്രന്ഥങ്ങളടങ്ങിയ തന്റെ ലൈബ്രറി അദ്ദേഹം ചെറുപ്പക്കാരായ രാഷ്ട്രീയ പ്രവർത്തകന്മാരുടെ ഉപയോഗത്തിനുവേണ്ടി നീക്കിവച്ചു. ഇതിനിടയ്ക്കു തന്നെ വിവിധ സംസ്ഥാനങ്ങളിൽ തൊഴിലാളികളുടെയും കൃഷിക്കാരുടെയും യുവജനങ്ങളുടെയും പല സംഘടനകളും ഉയർന്നുവന്നു. ഈ സംഘടനകളിൽ കമ്യൂണിസ്റ്റുകാരും കോൺഗ്രസ്സിലെ ഇടതുപക്ഷക്കാരും സജീവമായി പങ്കെടുത്തു.

മാർക്സിസ്റ്റാശയങ്ങളുടെ പ്രചാരവും കമ്യൂണിസ്റ്റ് പാർട്ടിയുടെ ആവിർഭാവവും തൊഴിലാളി–കർഷക–യുവജനപ്രസ്ഥാനങ്ങളുടെ മുന്നേറ്റവും സ്വാതന്ത്ര്യസമരത്തിന്റെ ഊക്കുവർദ്ധിപ്പിച്ചു. അവ ദേശീയപ്രസ്ഥാനത്തിന് പുതിയൊരർത്ഥവും പുതിയൊരു വ്യാപ്തിയും പുതിയൊരു ചൈതന്യവും നൽകി. സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായ വിട്ടുവീഴ്ചയില്ലാത്ത ബഹുജനസമരങ്ങളിലൂടെ മാത്രമേ പൂർണ്ണസ്വാതന്ത്ര്യം നേടാൻ കഴിയൂ എന്ന ബോധം പരന്നുപിടിക്കാൻ തുടങ്ങി. മഹാത്മാഗാന്ധിയുടെ അനുരഞ്ജനനയങ്ങളും അവയ്ക്കു ന്യായീകരണം നൽകിയ രാഷ്ട്രീയ–സാമ്പത്തികസിദ്ധാന്തങ്ങളും ചോദ്യം ചെയ്യപ്പെട്ടു. പരിപൂർണ്ണസ്വാതന്ത്ര്യം അന്തിമലക്ഷ്യമല്ല, ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിലേക്കുള്ള ചവിട്ടുപടി മാത്രമാണെന്നു പ്രഖ്യാപിക്കപ്പെട്ടു.

## 3 മാർക്സിസ്റ്റാശയങ്ങളുടെ പ്രചാരം

ബ്രിട്ടീഷ് ഭരണാധികാരികളും നാടൻ മുതലാളികൾക്കിടയിലെ പിന്തിരിപ്പൻ വിഭാഗങ്ങളും മാർക്സിസത്തിനും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുമെതിരായി വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും കോട്ടകൾ കെട്ടിയുയർത്താൻ ശ്രമിച്ചു. കമ്യൂണിസ്റ്റുകാരെ ദേശീയപ്രസ്ഥാനത്തിൽ നിന്ന് ഒറ്റപ്പെടുത്താനും അവർക്കെതിരായി കടുത്ത മർദ്ദനങ്ങ ഴിച്ചുവിടാനും വേണ്ടി പല തരത്തിലുള്ള തന്ത്രങ്ങളും പ്രയോഗിച്ചു. പ്രമുഖരായ കമ്യൂണിസ്റ്റ നേതാക്കന്മാരെയെല്ലാം മീററ് ഗൂഢാലോചനക്കേസിൽ കുടുക്കി അറസ്റ്റ ചെയ്തു. മാർക്സിസ്റ്റ ഗ്രന്ഥങ്ങൾ നിരോധിച്ചു. എന്നാൽ, ഇത്തരം അടവുകൾക്കൊന്നും മാർക്സിസ്റ്റ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല. നേരെമറിച്ച്, മാർക്സിസത്തിന്റെ സ്വാധീനം വർദ്ധിക്കുകയാണ് ചെയ്തത്. മർദ്ദനവും ചൂഷണവുമില്ലാത്ത പുതിയൊരു ഭാവിയെക്കുറിച്ചുള്ള അഭിവീക്ഷണം ഒട്ടനവധി ദേശാഭിമാനികളെ ആവേശഭരിതരാക്കി. ഈ ഘട്ടത്തിലാണ് ഭീകരപ്രസ്ഥാനത്തിൽ വിശ്വസിച്ചിരുന്ന പല യുവാക്കന്മാരും പുതിയ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ തങ്ങളുടെ നയപരിപാടികളെ പുനഃപരിശോധിക്കാൻ മുതിർന്നത്. ഉദാഹരണത്തിന്, 1929-ൽ ഇന്ത്യൻ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ഗവണ്മെന്റ് ബഞ്ചുകളുടെ നേർക്ക് ബോംബെറിഞ്ഞതിന് അറസ്റ്റ് ചെയ്യപ്പെട്ട ഭഗത്സിങ്ങ് തന്റെ നേതൃത്വത്തിലുള്ള ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ സോഷ്യലിസ്റ്റ് അസോസിയേഷന്റെ പരിപാടിയിൽ സാരമായ ചില മാറ്റങ്ങൾ വരുത്താൻ തയ്യാറായി. ജയിലിൽ നിന്നയച്ച ഒരു കത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി; “സംഘടിത തൊഴിലാളികളുടെയും കൃഷിക്കാരുടെയും ശക്തിയിൽ അധിഷ്ഠിതമായി നിന്നുകൊണ്ടു മാത്രമേ ഈ രാജ്യത്തിന് വിജയകരമായ സമരം നടത്താൻ കഴിയൂ. ബോംബു കൊണ്ടും കൈത്തോക്കകൊണ്ടും നമുക്ക് വലിയ നേട്ടങ്ങളൊന്നും ഉണ്ടാവുകയില്ലെന്നാണ് എന്റെ ഉറച്ച വിശ്വാസം. ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ സോഷ്യലിസ്റ്റ് അസോസിയേഷന്റെ ചരിത്രത്തിൽ നിന്ന് ഇത് സ്പഷ്ടമാണ്. തൊഴിലാളികളെയും കൃഷിക്കാരെയും സംഘടിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ മുഖ്യമായ ഉദ്ദേശ്യം”. കഴുമരത്തിൽ കയറുന്നതിന് ഇരുപതു ദിവസം മുമ്പ് അദ്ദേഹം പഞ്ചാബിലെ ഗവർണർക്കെഴുതി: “മുതലാളികളും സാമ്രാജ്യവാദികളും നടത്തിക്കൊണ്ടിരിക്കുന്ന ചൂഷണത്തിന്റെ നാളുകൾ എണ്ണപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഞങ്ങളോടൊപ്പമല്ല ഈ സമരമാരംഭിച്ചത്. ഞങ്ങളുടെ ജീവിതങ്ങളോടൊപ്പം ഇതവസാനിക്കാനും പോകുന്നില്ല. ചരിത്ര സംഭവങ്ങളുടെയും നിലവിലുള്ള സാഹചര്യങ്ങളുടെയും അനിവാര്യഫലമാണിത്. ഞങ്ങളുടെ എളിയ ത്യാഗങ്ങൾ ഈ ചങ്ങലയുടെ ഒരു കണ്ണി മാത്രമായിരിക്കും”. ഭഗത്സിങ്ങ് തൂക്കിക്കൊല്ലപ്പെട്ടു. പക്ഷേ, അദ്ദേഹത്തിന്റെ ആശയങ്ങളും ശുഭപ്രതീക്ഷയും നശിപ്പിക്കപ്പെടാൻ കഴിയാത്തവയായിരുന്നു. അദ്ദേഹത്തിന്റെ മിക്ക കൂട്ടുകാരും മർദ്ദനം നടത്തുന്ന വ്യക്തികളെ കൊലചെയ്യുക എന്ന ഭീകരപ്രസ്ഥാനത്തിന്റെ മാർഗ്ഗമുപേക്ഷിച്ച് ബഹുജനസമരങ്ങൾ സംഘടിപ്പിക്കുക എന്ന കമ്യൂണിസ്റ്റുകാരുടെ നയമവലംബിക്കാൻ തുടങ്ങി. മാർക്സിസ്റ്റാശയങ്ങളുടെ പ്രചാരം തടയാൻ വേണ്ടി ബ്രിട്ടീഷുഭരണാധികാരികൾ കൈക്കൊണ്ട കർശനനടപടികൾ പരാജയപ്പെടുകയാണ് ചെയ്തത്. 1929-ൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ചെയ്ത ഒരു പ്രസംഗത്തിൽ മോത്തിലാൽ നെഹ്റു ഭരണാധികാരികൾക്ക് മുന്നറിയിപ്പ് നൽകി: “കമ്പിവേലികളും കൃത്രിമമറകളും ഉയർത്തിക്കൊണ്ട് ഇന്ത്യയിലേക്ക് ആശയങ്ങൾ കടന്നുവരുന്നതിനെ തടയാൻ നിങ്ങൾക്ക സാധിക്കുമോ? നിങ്ങൾക്കതു സാധിച്ചിരുന്ന കാലം പോയിക്കഴിഞ്ഞിരിക്കുന്നു”.

1929–30-ലെ ഔദ്യോഗിക റിപ്പോർട്ടിൽ ഗവണ്മെന്റ് തന്നെ സമ്മതിച്ചു: “എന്തൊക്കെയായിട്ടും തൊഴിലാളികളുടെ വിവിധ ഭാഗങ്ങൾക്കിടയിലും ഒരുപരിധിവരെ ഗ്രാമീണർക്കിടയിലും കമ്യൂണിസ്റ്റാശയങ്ങൾ പ്രചരിച്ചുകൊണ്ടിരുന്നു… ഒട്ടുവളരെ യുവജനസംഘടനകൾ കമ്യൂണിസ്റ്റ് ചിഹ്നങ്ങളും സിദ്ധാന്തങ്ങളും സ്വീകരിച്ചിരിക്കുന്നു എന്ന കാര്യം ശ്രദ്ധാർഹമാണ്”.

## 4 പുതിയ സാഹചര്യങ്ങൾ

സാർവലൗകിക സംഭവവികാസങ്ങൾ മാർക്സിസ്റ്റാശയങ്ങളുടെ മുന്നേറ്റത്തിനു സഹായകരമായിരുന്നു. ലോകമുതലാളിത്തത്തിന്റെ അടിത്തറയിളക്കിയ അഗാധവും സാർവത്രികവുമായ ഒരു സാമ്പത്തികക്കുഴപ്പമാണ് 1929-ൽ പൊട്ടിപ്പുറപ്പെട്ടത്. ആയിരക്കണക്കിലുള്ള ഫാക്ടറികളുടെയും ബാങ്കുകളുടെയും തകർച്ച, വൻതോതിലുള്ള തൊഴിലില്ലായ്മ, പരന്നുപിടിച്ച പട്ടിണി, ആത്മഹത്യകൾ, ലക്ഷക്കണക്കിലുള്ള കൃഷിക്കാരുടെയും കച്ചവടക്കാരുടെയും പാപ്പരീകരണം—ഈ സംഭവവികാസങ്ങൾ മനുഷ്യന്റെ ഭൗതികജീവിതത്തിലെന്നപോലെതന്നെ ബൗദ്ധികവും ധാർമ്മികവുമായ മണ്ഡലങ്ങളിലും സംഘട്ടനങ്ങളുളവാക്കി. സാങ്കേതികവൈദഗ്ധ്യത്തിന്റെയോ ഉൽപ്പാദനക്ഷമതയുടെയോ അപര്യാപ്തതകൊണ്ടല്ല ആധിക്യം കൊണ്ടാണ് സാമ്പത്തികക്കുഴപ്പം പൊട്ടിപ്പുറപ്പെട്ടതെന്ന വസ്തുത വിശേഷിച്ചും അമ്പരപ്പുളവാക്കുന്നതായിരുന്നു. മുതലാളിത്തത്തിന്റെ ഭാവിയിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസത്തിന് മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത ഇളക്കം തട്ടി. നിരാശാവാദവും വിഷാദാത്മകതയും തല പൊക്കി. മതവിശ്വാസങ്ങൾക്ക് പുതിയൊരുത്തേജനം ലഭിച്ചു. ആത്മീയവാദികളായ ചിന്തകന്മാർ സയൻസിന് പിടികിട്ടാത്ത ആദ്ധ്യാത്മികസത്തയെപ്പറ്റി ഉൽഘോഷിക്കാൻ തുടങ്ങി.

പക്ഷേ, ഇതു ചിത്രത്തിന്റെ ഒരുവശം മാത്രമായിരുന്നു. അസ്വസ്ഥതയും നിരാശാബോധവും പരന്നുപിടിച്ച ഈ വർഷങ്ങളിൽ തന്നെയാണ് ലോകത്തിലെങ്ങും മുതലാളിത്തത്തിനെതിരായ ആശയങ്ങളും സമരങ്ങളും പൂർവാധികം ശക്തിപ്പെട്ടത്. ഇന്ത്യയിൽ സാമ്രാജ്യാധിപത്യത്തിനെതിരായ ദേശീയപ്രസ്ഥാനം പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചു. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘനപ്രസ്ഥാനം പുനരാരംഭിച്ചു. അതോടൊപ്പം തന്നെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും പ്രസ്ഥാനങ്ങളും ശക്തിപ്പെട്ടു. മർദ്ദനത്തിനും ചൂഷണത്തിനുമെതിരായ സമരങ്ങൾ പരന്നുപിടിച്ചു. മുതലാളിത്തരാജ്യങ്ങളുടെ എതിർപ്പുകളെ വകവെയ്ക്കാതെ മുന്നേറിക്കൊണ്ടിരുന്ന സോവിയറ്റ് യൂണിയന്റെ നേട്ടങ്ങൾ അവരെ ആവേശം കൊള്ളിച്ചു. ലോകമുതലാളിത്തം ഭീകരമായ കുഴപ്പത്തിലകപ്പെട്ട അതേകാലത്താണ് സോവിയറ്റ് യൂണിയനിൽ ഒന്നാമത്തെ പഞ്ചവത്സരസാമ്പത്തിക പദ്ധതി വിജയിച്ചതെന്ന വസ്തുത പ്രത്യേകം ശ്രദ്ധാർഹമായിത്തീർന്നു. പട്ടിണിയും അജ്ഞതയും ചൂഷണവും മുതലാളിത്തത്തിന്റെ മറ്റു വൈരൂപ്യങ്ങളും കൂടാതെ അഭിവൃദ്ധിയിലേക്ക് മുന്നേറാൻ കഴിയുമെന്ന ശുഭാപ്തിവിശ്വാസത്തിനു പുതിയൊരു പ്രചോദനം ലഭിച്ചു. ചിന്തിക്കുന്ന ജനവിഭാഗങ്ങൾ തങ്ങളുയർത്തിപ്പിടിച്ചുപോന്ന പഴയ മൂല്യങ്ങളെപ്പറ്റിയും തങ്ങളുടെ അടിസ്ഥാനപരമായ സമീപനത്തെപ്പറ്റിയും പുനഃപരിശോധന ചെയ്യാൻ നിർബദ്ധരായി.

## 5 റഷ്യൻ വിപ്ലവത്തിന്റെ നേട്ടങ്ങൾ

1927-ൽ ജവഹർലാൽ നെഹ്റു സോവിയറ്റ് യൂണിയൻ സന്ദർശിക്കുകയും റഷ്യൻ വിപ്ലവത്തിന്റെ നേട്ടങ്ങളെ വിശദീകരിച്ചുകൊണ്ട് 'സോവിയറ്റ് റഷ്യ' എന്നൊരു ഗ്രന്ഥമെഴുതുകയും ചെയ്തു. 1930-ൽ രവീന്ദ്രനാഥ ടാഗോറും സോവിയറ്റ് യൂണിയനിൽ പോയി അവിടെയുണ്ടായ പരിവർത്തനങ്ങളെ നേരിട്ടുകണ്ട് മനസ്സിലാക്കി. മോസ്കോവിൽ നിന്നയച്ച കത്തുകളിലൊന്നിൽ അദ്ദേഹം എഴുതി: "മൂകന്മാർക്ക് ശബ്ദം കിട്ടിയിരിക്കുന്നു. അജ്ഞന്മാർ തങ്ങളുടെ മനസ്സിന്റെ മറ മാറ്റിക്കഴിഞ്ഞിരിക്കുന്നു. അശരണന്മാർ സ്വന്തം ശക്തിയെക്കുറിച്ച് ബോധവാന്മാരായിരിക്കുന്നു. അധഃപതനത്തിന്റെ പടുകുണ്ടിൽ കിടന്നിരുന്നവർ സമൂഹത്തിന്റെ ഇരുണ്ട ഗുഹകളിൽ നിന്ന് പുറത്തുവന്ന് മറ്റുള്ളവരോടൊപ്പം സമത്വം അവകാശപ്പെടാൻ തുടങ്ങിയിരിക്കുന്നു. എട്ടുവർഷങ്ങൾക്കിടയിൽ സോവിയറ്റ് യൂണിയനുണ്ടായ നേട്ടങ്ങളാണിവ". [2] മറ്റൊരു കത്തിൽ അദ്ദേഹമെഴുതി: "അജ്ഞതയിലും അപമാനഭാരത്തിലും ആണ്ടുകിടന്നിരുന്ന ലക്ഷക്കണക്കിനാളുകൾക്ക് പത്തുകൊല്ലങ്ങൾക്കുള്ളിൽ വിദ്യാഭ്യാസം മാത്രമല്ല, മനുഷ്യത്വത്തിന്റെ അന്തസ്സും നേടാൻ കഴിഞ്ഞു എന്നത് എന്റെ സ്വന്തം കണ്ണുകൾകൊണ്ട് കണ്ടിട്ടില്ലായിരുന്നു എങ്കിൽ ഞാൻ ഒരിക്കലും വിശ്വസിക്കുമായിരുന്നില്ല". [3]

സാമ്പത്തികമായി പിന്നണിയിൽ കിടന്നിരുന്ന തങ്ങളുടെ രാജ്യത്തെ വ്യവസായവൽക്കരിക്കാനുള്ള സോവിയറ്റ് ജനതയുടെ നിസ്വാർത്ഥപരിശ്രമങ്ങളെ ടാഗോർ ഹൃദയംഗമമായി അഭിനന്ദിച്ചു: "ആവിശക്തിയും വിദ്യുച്ഛക്തിയും ഉപയോഗിച്ചുകൊണ്ടുള്ള യന്ത്രങ്ങളുടെ സഹായത്തോടുകൂടി രാജ്യത്തെയാകെ സുശക്തമാക്കാൻ അവർ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. സമയം നീട്ടിക്കൊണ്ടു പോകാൻ അവർ ധൈര്യപ്പെടുന്നില്ല. കാരണം, മുതലാളിത്തലോകത്തിന്റെ മുഴുവൻ എതിർപ്പുകളുടെയും മുമ്പിൽ സ്വന്തം കഴിവുകളെ മാത്രം ആശ്രയിച്ചുകൊണ്ട് ആവുന്നത്ര വേഗത്തിൽ അവർക്ക് സ്വത്തുക്കളുൽപ്പാദിപ്പിച്ചേ മതിയാവൂ" കാർഷികപ്രശ്നം പരിഹരിക്കാൻ സോവിയറ്റ് യൂണിയൻ കൈക്കൊണ്ട മാർഗ്ഗങ്ങൾ തന്റെ സ്വന്തം അഭിലാഷങ്ങളുമായി പൊരുത്തപ്പെടുന്നവയാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. സോവിയറ്റ് യൂണിയന്റെ കാർഷികപരിഷ്കാരങ്ങളുടെ പ്രാധാന്യത്തെപ്പറ്റി അദ്ദേഹം എഴുതി: "ഒന്നാമതായി, ഭൂമിയുടെ ഉടമസ്ഥാവകാശം ധാർമ്മികമായി ജന്മിക്കല്ല, കൃഷിക്കാരനാണ്. രണ്ടാമതായി, സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടുകൃഷി കൊണ്ടല്ലാതെ കൃഷി ഒരിക്കലും പുരോഗമിക്കുകയില്ല".

---

2. Rabindranath Tagore: Letters From Russia, P. 40.
3. Ibid, P. 70.

## 6 മാർക്സിസത്തിന്റെ പ്രാധാന്യം

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണാധികാരികൾ ടാഗോറിന്റെ 'റഷ്യയിൽ നിന്നുള്ള കത്തുകൾ' നിരോധിച്ചു. എങ്കിലും സോഷ്യലിസത്തിന്റെ സ്വാധീനശക്തി തടയാൻ അവർക്ക് കഴിഞ്ഞില്ല. സ്വാതന്ത്ര്യസമരത്തിലേർപ്പെട്ട യുവാക്കന്മാർക്ക് തങ്ങളുടെ ലക്ഷ്യത്തെക്കുറിച്ചുള്ള ഒരു പുതിയ ബോധവും പുതിയൊരാത്മവിശ്വാസവും ലഭിച്ചു. സോവിയറ്റ് യൂണിയനിൽ കെട്ടിപ്പടുക്കപ്പെട്ടുകൊണ്ടിരുന്ന പുതിയ സാമൂഹ്യവ്യവസ്ഥ മാത്രമല്ല, മാർക്സിസ്റ്റാശയങ്ങളും അവരെ കൂടുതൽ കൂടുതൽ ആകർഷിക്കാൻ തുടങ്ങി. 'ഇന്ത്യയെ കണ്ടെത്തൽ' എന്ന തന്റെ ഗ്രന്ഥത്തിൽ ജവഹർലാൽ നെഹ്റു എഴുതി:

> "മാർക്സിനെക്കുറിച്ചും ലെനിനെക്കുറിച്ചുമുള്ള പഠനം എന്റെ മനസ്സിൽ ശക്തിയായ ഒരു പ്രതികരണമുണ്ടാക്കുകയും ചരിത്രത്തെയും സമകാലീന സംഭവങ്ങളെയും ഒരു പുതിയ വെളിച്ചത്തിൽ കാണാൻ എന്നെ സഹായിക്കുകയും ചെയ്തു. ചരിത്രത്തിന്റെയും സമൂഹത്തിന്റെ പുരോഗതിയുടെയും നീണ്ട ശൃംഖലയ്ക്ക് ഒരർത്ഥവും കാര്യകാരണബന്ധവും ഉണ്ടെന്ന തോന്നി. ഭാവിയുടെ വ്യക്തത കറയൊക്കെ നീങ്ങുകയും ചെയ്തു... മാർക്സിസത്തിന്റെ ദാർശനിക വീക്ഷണത്തിലെ മിക്ക ഭാഗങ്ങളും എനിക്ക് വിഷമം കൂടാതെ സ്വീകരിക്കാൻ കഴിയും. അതിലെ ഏകതത്വവാദം, മനസ്സിന്റെയും ഭൗതികസത്തയുടെയും അദ്വൈതം, ഭൗതികസത്തയുടെ ചലനാത്മകത, പരിണാമ–വിപ്ലവങ്ങളിലൂടെയും ക്രിയാ–പ്രതിക്രിയകളിലൂടെയും പക്ഷം, പൂർവപക്ഷം, സമന്വയം എന്നിവയിലൂടെയുമുള്ള നിരന്തരമായ മാറ്റങ്ങളെക്കുറിച്ചുള്ള ദ്വന്ദ്വാത്മകവാദം എന്നിവയെല്ലാം". [4]

ആത്മകഥയിൽ അദ്ദേഹമെഴുതി: "സിദ്ധാന്തപരമായ കടുംപിടുത്തത്തിന്റെ അഭാവം, ഒരു സവിശേഷവീക്ഷണഗതിയും സമീപനരീതിയും, പ്രവർത്തനത്തോടുള്ള മനോഭാവം എന്നിവയിലാണ് മാർക്സിസത്തിന്റെ മൂല്യം മുഴവനും സ്ഥിതിചെയ്യുന്നത് എന്നെനിക്ക തോന്നുന്ന. ആ വീക്ഷണഗതി നമ്മുടെ സ്വന്തം കാലത്തിലെ സാമൂഹ്യപ്രതിഭാസങ്ങൾ മനസ്സിലാക്കാൻ നമ്മെ സഹായിക്കുകയും പ്രവർത്തനത്തിനും മോചനത്തിനുമുള്ള മാർഗ്ഗം ചൂണ്ടിക്കാണിച്ചുതരികയും ചെയ്യുന്നു". [5]

സോവിയറ്റ് യൂണിയന്റെ നേട്ടങ്ങളും മാർക്സിസ്റ്റാശയങ്ങളും ജവഹർലാൽ നെഹ്റുവിനെപ്പോലുള്ള രാഷ്ട്രീയനേതാക്കന്മാരെയും രവീന്ദ്രനാഥ ടാഗോറിനെപ്പോലെയുള്ള സാഹിത്യനായകന്മാരെയും മാത്രമല്ല, രാധാകൃഷ്ണനെപ്പോലുള്ള പുരോഗമനവാദികളായ തത്വചിന്തകന്മാരെയും ആകർഷിച്ചു. അവരിൽ പലരും മാർക്സിയൻ സിദ്ധാന്തങ്ങളെ കലവറ കൂടാതെ അംഗീകരിക്കുകയല്ല, വിമർശനപരമായി പരിശോധിച്ചുകൊണ്ട് സ്വീകരിക്കാൻ പറ്റിയതു മാത്രം സ്വീകരിക്കുകയാണ് ചെയ്തത്. മാർക്സിസത്തിലെ ഭൗതികവാദമോ ദ്വന്ദ്വാത്മകമായ വീക്ഷണഗതിയോ അല്ല, സാമ്പത്തിക–സാമൂഹ്യപരിവർത്തനങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങളാണ് അവരെ കൂടുതൽ ആകർഷിച്ചത്. ഉദാഹരണത്തിന്, 1942-ൽ രാധാകൃഷ്ണൻ എഴുതിയതിങ്ങനെയാണ്:

> "ഏറ്റവും കടുത്ത വിമർശകന്മാർക്കുപോലും നിഷേധിക്കാൻ കഴിയാത്ത ഒരു കാര്യമുണ്ട്: അമേരിക്കൻ വിപ്ലവത്തെക്കാളും ഫ്രഞ്ചുവിപ്ലവത്തെക്കാളും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഗംഭീരമായ ഒരു പരീക്ഷണമാണ് സോവിയറ്റ് റഷ്യ. ചില സാമൂഹ്യചിന്തകന്മാർ ആവിഷ്കരിച്ച സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ ആറിലൊരു ഭാഗത്തു നിവസിക്കുന്ന ഇരുപതു കോടിയോളം ജനങ്ങളടങ്ങിയ സമുദായത്തിന്റെയാകെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ ഘടന മുഴവനും മാറ്റിപ്പണിയാനുള്ള ഒരു പരിശ്രമമാണത്. രണ്ടു ദശാബ്ദങ്ങൾക്കിടയിൽ ജന്മിയും മുതലാളിയും അപ്രത്യക്ഷരായിരിക്കുന്നു. വ്യക്തിപരമായ സ്വകാര്യസംരംഭങ്ങൾ കൃഷിക്കാരുടെയും കൈവേലക്കാരുടെയും ചെറുകിട സ്ഥാപനങ്ങളിൽ മാത്രമായി ഒതുക്കി നിർത്തപ്പെട്ടിരിക്കുന്നു". മാർക്സിസ്റ്റ് സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വമ്പിച്ച മാറ്റങ്ങൾ വരുത്തപ്പെട്ടതെന്നു വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം തുടരുന്നു: "മനുഷ്യരാശിയുടെ യഥാർത്ഥാവശ്യങ്ങൾക്കും ആധുനികസാങ്കേതിക മാർഗ്ഗങ്ങളുപയോഗിക്കുന്ന ഉൽപ്പാദനവ്യവസ്ഥയ്ക്കും ഏറ്റവുമധികം യോജിച്ചതാണ് മാർക്സിസ്റ്റുകാരുടെ സോഷ്യലിസ്റ്റ് പരിപാടി. സോഷ്യലിസമെന്ന ആവശ്യം ഒരു ധാർമ്മികാവശ്യകതയാണ്". [6]

---

4. J. Nehru: The Discovery of india, P. 15.
5. Nehru: Autobiography.
6. S. Radhakrishnan: Religion and Society, P. 25.

## 7 മാർക്സിസത്തിന്റെ തത്വശാസ്ത്രം

എന്നാൽ, മാർക്സിസം ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ എത്രതന്നെ പ്രയോജനകരമാണെങ്കിലും അതിന്റെ ദാർശനിക സിദ്ധാന്തങ്ങളോട് തനിക്കൊരിക്കലും യോജിക്കാൻ കഴിയില്ലെന്ന് രാധാകൃഷ്ണൻ തുറന്നുപറഞ്ഞു: “ദരിദ്രന്മാരുടെയും അധഃകൃതരുടെയും സ്ഥിതിയിലുള്ള ഉത്ക്കണ്ഠ, സമ്പത്തും അവസരവും കൂടുതൽ നീതിപൂർവമായി വിതരണം ചെയ്യണമെന്ന ആവശ്യം, സാമൂഹ്യസമത്വം വേണമെന്ന നിർബന്ധം എന്നീ കാര്യങ്ങളിൽ എല്ലാ ആത്മീയവാദികളും യോജിക്കുന്ന ഒരു സാമൂഹ്യസന്ദേശം അതു നൽകുന്നുണ്ട്. എന്നാൽ, സാമൂഹ്യപരിപാടിയോട് നമുക്ക് സഹതാപമുണ്ട് എന്നതുകൊണ്ട് നമ്മൾ അനിവാര്യമായും മാർക്സിസത്തിന്റെ ജീവിതദർശനത്തോടും പരമയാഥാർത്ഥ്യത്തെക്കുറിച്ചുള്ള അതിന്റെ നിരീശ്വരവാദപരമായ സങ്കല്പത്തോടും മനുഷ്യനെക്കുറിച്ചുള്ള അതിന്റെ യഥാതഥവീക്ഷണത്തോടും വ്യക്തിവൈശിഷ്ട്യത്തിന്റെ പവിത്രതയെക്കുറിച്ചുള്ള അതിന്റെ അവഗണനാഭാവത്തോടും യോജിച്ചുകൊള്ളണമെന്നില്ല. സാമൂഹ്യവിപ്ലവത്തിന്റെ ഫലപ്രദമായ ഒരുപകരണമെന്ന നിലയ്ക്ക് മാർക്സിസത്തോട് അനുഭാവം കാണിക്കുന്നതും അതിന്റെ ദാർശനികമായ പശ്ചാത്തലം അംഗീകരിക്കുന്നതും രണ്ടും രണ്ടാണ്”. [7]

മാർക്സിസത്തിന്റെ സാമൂഹ്യസന്ദേശം അംഗീകരിക്കുകയും അതേസമയത്തു തന്നെ അതിന്റെ അടിസ്ഥാനമായ തത്വചിന്തയെ നിരാകരിക്കുകയുമാണ് രാധാകൃഷ്ണൻ ചെയ്യുന്നത്. മാർക്സിസത്തിന്റെ ദാർശനികവീക്ഷണത്തിന്റെയും മനുഷ്യരാശിയോടുള്ള ധാർമ്മികസമീപനത്തിന്റെയും പരിണതഫലമാണ് അതിന്റെ സാമൂഹ്യസന്ദേശം എന്ന വസ്തുത അദ്ദേഹം വിസ്മരിക്കുന്നു. “സോഷ്യലിസം ഒരു ധാർമ്മികാവശ്യമാണ്” എന്നദ്ദേഹം സമ്മതിക്കുന്നു. പക്ഷേ, അതേസമയത്തു തന്നെ, മാർക്സിസത്തിലടങ്ങിയ ധാർമ്മികമൂല്യത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നു. ഈ നിലപാടിൽ ഒരു പന്തികേടില്ലേ?

മാർക്സിസത്തിന്റെ തത്വശാസ്ത്രം നിരീശ്വരവാദപരമാണ് എന്നതു ശരിയാണ്. ദൈവമെന്ന സങ്കല്പത്തിന് അതിൽ സ്ഥാനമില്ല. പക്ഷേ, ദൈവത്തിന് സ്ഥാനം നൽകുന്നില്ല എന്നതുകൊണ്ടുമാത്രം ഏതെങ്കിലുമൊരു തത്വശാസ്ത്രം ആത്മീയമൂല്യങ്ങളെയോ മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തെയോ നിഷേധിക്കുന്നു എന്നു പറയാൻ കഴിയുമോ? ഇല്ലെന്നാണ് ഭാരതീയചിന്തയുടെ ചരിത്രം വ്യക്തമാക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങളിൽ നമ്മൾ കണ്ടു കഴിഞ്ഞതുപോലെ മിക്ക പ്രാചീനഭാരതീയ ദർശനങ്ങളും—ഭൗതികവാദദർശനങ്ങളെന്നപോലെ തന്നെ ആത്മീയവാദദർശനങ്ങളും—ദൈവത്തിന് സ്ഥാനം നൽകുന്നില്ല. അല്ലെങ്കിൽ അവ ദൈവത്തിനു നൽകുന്ന സ്ഥാനം വളരെ അപ്രധാനമാണ്. എങ്കിലും, അവയെല്ലാം തന്നെ മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തെയും ഐഹികജീവിതത്തിലെ ധാർമ്മികമൂല്യങ്ങളെയും ഉയർത്തിപ്പിടിക്കുന്നു.

നെഹ്റു ചൂണ്ടിക്കാണിച്ചതുപോലെ ഏകതത്വവാദത്തിൽ ഊന്നുന്ന അദ്വൈതവീക്ഷണമാണ് മാർക്സിസത്തിന്റേത്. മനസ്സും ഭൗതികസത്തയും തമ്മിൽ, ആത്മാവും ശരീരവും തമ്മിൽ, നികത്താനാവാത്ത വൈരുദ്ധ്യമോ ദ്വൈതഭാവമോ ഉണ്ടെന്ന് അത് കരുതുന്നില്ല. എന്നാൽ, മാർക്സിസത്തിന്റെ അദ്വൈതം ശങ്കരൻ, ഹെഗൽ മുതലായ ആത്മീയവാദികളുടേതിൽ നിന്നു വ്യത്യസ്തമാണ്. അതുയർത്തിപ്പിടിക്കുന്നത് ആത്മീയവാദത്തെയല്ല, ഭൗതികവാദത്തെയാണ്. ഭൗതികവാദമെന്നുവെച്ചാൽ ഭൗതികസമ്പത്ത് കുന്നുകൂട്ടാനുള്ള ആഗ്രഹം എന്നോ ആത്മീയമൂല്യങ്ങളുടെ നിഷേധം എന്നോ അല്ല അർത്ഥം. പ്രപഞ്ചോൽപത്തിയെക്കുറിച്ചും പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനമെന്തെന്നതിനെക്കുറിച്ചുമുള്ള ഒരു വീക്ഷണഗതിയാണത്. മാർക്സിസത്തിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ഇന്ദ്രിയാനുഭവങ്ങൾക്കു വിധേയമാകുന്ന ജഗത്ത് മിഥ്യയല്ല, യാഥാർത്ഥ്യമാണ്. നിത്യവും അനന്തവും അനശ്വരവും സദാ മാറിക്കൊണ്ടിരിക്കുന്നതുമായ ഭൗതികസത്തയാണ് ഭൗതികവും മാനസികവുമായ എല്ലാ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെയും അടിത്തറയെന്ന് അത് സിദ്ധാന്തിക്കുന്നു. പ്രകൃതിക്കും പ്രപഞ്ചത്തിനും അതീതമായ യാതൊരു ദിവ്യപ്രതിഭാസത്തെയും അതംഗീകരിക്കുന്നില്ല. പ്രകൃതിയിൽ നിന്നും സമൂഹത്തിൽ നിന്നും ചരിത്രത്തിൽ നിന്നും മനുഷ്യനെ വേർതിരിച്ച് നിർത്താൻ കഴിയില്ല. മനുഷ്യനാണ് എല്ലാറ്റിന്റെയും കേന്ദ്രം എന്നും പ്രകൃതിയെയും സമൂഹത്തെയും ചരിത്രത്തെയും മാറ്റി മറിക്കാൻ കഴിവുള്ള മനുഷ്യന് ബൗദ്ധികവും കായികവും സാമൂഹ്യവുമായ പ്രവർത്തനങ്ങളിലൂടെ പൂർണ്ണതയിലേക്ക് മുന്നേറാൻ കഴിയുമെന്നും അത് പ്രഖ്യാപിക്കുന്നു.

---

7. Ibid.

## 8 പുതിയ ലക്ഷ്യവും പുതിയ ബോധവും

യൂറോപ്പിലെ മതപുനരുദ്ധാരണത്തിന്റെയും നവോത്ഥാനത്തിന്റെയും അതിനെത്തുടർന്നുണ്ടായ സാമൂഹ്യസാമ്പത്തിക വിപ്ലവങ്ങളുടെയും കാലഘട്ടത്തിലെ ദാർശനിക ചിന്തകളിലടങ്ങിയ മാനുഷിക മൂല്യങ്ങളുടെ യുക്തിയുക്തമായ പരിണാമമെന്ന നിലയ്ക്കാണ് മാർക്സിസം ആവിർഭവിച്ചത്. മുതലാളിത്തോൽപ്പാദന രീതിയോടൊപ്പം പരന്നുപിടിക്കാൻ തുടങ്ങിയ അസമത്വങ്ങളിൽ നിന്നും അന്യതാബോധത്തിൽ നിന്നും മർദ്ദനം, ചൂഷണം തുടങ്ങിയ മറ്റു മൃഗീയതകളിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാനുള്ള ഒരു ജനകീയപ്രസ്ഥാനത്തെയാണ് അത് പ്രതിനിധീകരിച്ചത്. മനുഷ്യന്റെ മോചനമായിരുന്നു ഭാരതീയദർശനങ്ങളുടെയും ലക്ഷ്യം. എന്നാൽ, ഐഹികദുഃഖങ്ങളിൽ നിന്നു മോചനം നേടണമെങ്കിൽ മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർക്കുന്ന സാമൂഹ്യസാഹചര്യങ്ങളെ മാറ്റുകയും വർഗ്ഗവൈരുദ്ധ്യങ്ങളവസാനിപ്പിച്ച് വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുകയും ചെയ്യണമെന്ന് മാർക്സിസം സിദ്ധാന്തിച്ചു. ഇതാണ് സോഷ്യലിസത്തിന്റെ ധാർമ്മികമായ കാതൽ. മനുഷ്യന്റെ നന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടി ഉപയോഗിക്കപ്പെടേണ്ട ഉൽപ്പാദനവിതരണോപകരണങ്ങളെ സ്വന്തം ലാഭത്തിനുവേണ്ടി സ്വകാര്യസ്വത്താക്കി വെയ്ക്കുന്ന ചൂഷകവർഗ്ഗക്കാരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ആധിപത്യമവസാനിപ്പിച്ച് അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ആധിപത്യമുറപ്പിക്കുകയെന്നതാണ് സോഷ്യലിസം സ്ഥാപിക്കാനുള്ള അവശ്യോപാധിയെന്നും മാർക്സിസം ചൂണ്ടിക്കാണിച്ചു.

മുപ്പതുകളിലാണ് ഇത്തരം ആശയങ്ങൾ ഇന്ത്യയിലെ പുരോഗമനവാദികളായ രാഷ്ട്രീയപ്രവർത്തകന്മാരെയും സമരോത്സുകരായ തൊഴിലാളിപ്രവർത്തകന്മാരെയും മുമ്പെന്നത്തേക്കാളുമധികം ആകർഷിച്ചത്. ഒരുവശത്ത് മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരായി കൂടുതൽ വീറോടുകൂടിയ സമരങ്ങൾ നടത്താനും മറുവശത്ത് കോൺഗ്രസ് നേതാക്കന്മാരുടെ അനുരഞ്ജന മനോഭാവത്തെ എതിർക്കാനും അവ സഹായിച്ചു. എന്നാൽ, മാർക്സിസം ബഹുജനസമരങ്ങൾക്കു പ്രചോദനം നൽകിയ ഒരു ആശയസംഹിത മാത്രമായിരുന്നില്ല. അത് ജീവിതത്തിന് പുതിയൊരർത്ഥവും പുതിയൊരു ലക്ഷ്യവും നൽകി. നെഹ്റുവിന്റെ വാക്കുകളിൽ: "വിശാലവും സർവതോന്മുഖവുമായ ഈ വീക്ഷണഗതിയുടെ സഹായത്തോടുകൂടി, കാര്യങ്ങൾ ശരിക്കു മനസ്സിലാക്കുന്ന കമ്മ്യൂണിസ്റ്റുകാരൻ സാമൂഹ്യജീവിതത്തെക്കുറിച്ചുള്ള സജീവമായ ഒരു ബോധം വളർത്തിക്കൊണ്ടു വരുന്നു. അവനെ സംബന്ധിച്ചിടത്തോളം, രാഷ്ട്രീയകാര്യങ്ങൾ വെറും അവസരവാദത്തിന്റെ പട്ടോലകളോ ഇരുട്ടിൽ തപ്പിത്തടയലോ അല്ലാതായിത്തീരുന്നു. അവൻ നേടിയെടുക്കാൻ ശ്രമിക്കുന്ന ആദർശവും ഉദ്ദേശ്യലക്ഷ്യങ്ങളും അവന്റെ സമരങ്ങൾക്കും സ്വമനസ്സാലെ നേരിടുന്ന ത്യാഗങ്ങൾക്കും ഒരർത്ഥമുണ്ടാക്കിക്കൊടുക്കുന്നു. മനുഷ്യരാശിയുടെ വിധിയും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ വേണ്ടി മുന്നേറിക്കൊണ്ടിരിക്കുന്ന മഹത്തായ സൈന്യത്തിന്റെ ഒരു ഭാഗമാണ് താൻ എന്ന് അവന് തോന്നാൻ തുടങ്ങുന്നു. ചരിത്രത്തോടൊപ്പം അടിവെച്ചടിവെച്ച് മുന്നോട്ടു നീങ്ങാനുള്ള ഒരു ബോധവും അയാൾക്കുണ്ടായിത്തീരുന്നു".

## 9 ദൗർബല്യങ്ങളും തടസ്സങ്ങളും

എന്നാൽ, സാമൂഹ്യസാഹചര്യങ്ങൾ അനുകൂലമായിരുന്നുവെങ്കിലും ഇന്ത്യയിൽ മാർക്സിസ്റ്റാശയങ്ങളുടെ വളർച്ച അത്ര സുഗമമൊന്നുമായിരുന്നില്ല. ബ്രിട്ടീഷ് ഭരണാധികാരികളും നാടൻ സ്ഥാപിതതാല്പര്യക്കാരും പിന്തിരിപ്പന്മാരായ രാഷ്ട്രീയനേതാക്കന്മാരും മാർക്സിസത്തിന്റെ സ്വാധീനത്തെ തടഞ്ഞുനിർത്താൻ ആവുന്നതും പരിശ്രമിച്ചു. മാർക്സിസ്റ്റ ഗ്രന്ഥങ്ങളിൽ പലതും നിരോധിക്കപ്പെട്ടു. അതേസമയത്തുതന്നെ മാർക്സിസത്തിന്റെ ശത്രുക്കളെഴുതിയ ഗ്രന്ഥങ്ങൾക്ക് വിപുലമായ പ്രചാരം നൽകപ്പെട്ടു. മാർക്സിസത്തിലേക്ക് ആകർഷിക്കപ്പെട്ടവർക്കുപോലും പലപ്പോഴും എതിരാളികളുടെ ഗ്രന്ഥങ്ങളെ ആശ്രയിക്കേണ്ടിവന്നു.

രണ്ടാമതായി, മാർക്സിയൻ തത്വങ്ങളെ പലതരത്തിലും വളച്ചൊടിക്കുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്ത സ്റ്റാലിന്റെ ആധിപത്യം നിലനിന്നിരുന്ന കാലത്താണ് ഇന്ത്യയിൽ മാർക്സിസ്റ്റാശയങ്ങൾ പ്രചരിച്ചത്. കമ്യൂണിസ്റ്റുകാരും കമ്യൂണിസ്റ്റനുഭാവികളായ ബുദ്ധിജീവികളും യഥാർത്ഥത്തിൽ സ്റ്റാലിനിസത്തെയാണ് മാർക്സിസത്തിന്റെ പേരിൽ ഉയർത്തിപ്പിടിച്ചത്. അവർ മാർക്സിസത്തെ സാമ്പത്തിക–രാഷ്ട്രീയ പ്രശ്നങ്ങളിൽ ഒതുക്കിനിർത്തുകയും അതിന്റെ അന്തസ്സത്തയായ മനുഷ്യസ്നേഹത്തെ അവഗണിക്കുകയും ചെയ്തു. സ്റ്റാലിനിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ ഭീകരഭരണവും വ്യക്തിസ്വാതന്ത്ര്യത്തിനെതിരായ കയ്യേറ്റങ്ങളും സോഷ്യലിസത്തിന്റെ വളർച്ചയുടെ അനിവാര്യോപാധികളാണെന്ന് അവർ വിശ്വസിച്ചു. സോഷ്യലിസം, എല്ലാറ്റിനുമുപരി, ഒരു ധാർമ്മികാവശ്യമാണെന്നു മനസ്സിലാക്കാൻ അവർക്കു കഴിഞ്ഞില്ല.

മൂന്നാമതായി, മാർക്സിസത്തെ ഉയർത്തിപ്പിടിച്ച കമ്യൂണിസ്റ്റുകാരുടെ സൈദ്ധാന്തികമായ മർക്കടമുഷ്ടിയും വിഭാഗീയ സമീപനവും ജനങ്ങളെയാകെ യോജിപ്പിച്ചണിനിരത്താനല്ല, കമ്യൂണിസ്റ്റുകാരല്ലാത്ത ഒട്ടനവധി ദേശാഭിമാനികളെ ശത്രുക്കളാക്കി മാറ്റാനാണ് സഹായിച്ചത്. ഉദ്ധരണികളും ഫോർമുലകളുമായിരുന്നില്ല സമൂർത്തമായ സാമൂഹ്യസാമ്പത്തിക വ്യവസ്ഥയുടെ ശാസ്ത്രീയാപഗ്രഥനമായിരുന്നു ആവശ്യം. ഇന്ത്യയുടെ ദേശീയ സവിശേഷതകളെയും സാംസ്കാരിക പാരമ്പര്യങ്ങളെയും വർഗ്ഗബന്ധങ്ങളുടെ സങ്കീർണ്ണതകളെയും കണക്കിലെടുക്കാത്ത മുദ്രാവാക്യപ്രയോഗങ്ങൾ മാർക്സിസത്തിന്റെ സ്വാധീനശക്തി വർദ്ധിപ്പിക്കാൻ പറ്റിയവയായിരുന്നില്ല.

നാലാമതായി, മാർക്സിസത്തെപ്പറ്റിയുള്ള അവഗാഹം കേവലം ഉപരിതല സ്പർശിയായിരുന്നതുകൊണ്ട് കമ്യൂണിസ്റ്റ് നേതാക്കന്മാർക്കു പലപ്പോഴും ഇന്ത്യയുടെ സാമൂഹ്യ–രാഷ്ട്രീയ സംഭവവികാസങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ചു മനസ്സിലാക്കാനും ശരിയായ കർമ്മപരിപാടികൾ ആവിഷ്കരിക്കാനും സാധിക്കാതെ പോയി. തെറ്റായ സിദ്ധാന്തങ്ങളുടെയും പ്രവർത്തന പരിപാടികളുടെയും ഫലമായി അവർ ഒന്നിലധികം പ്രാവശ്യം സാമ്രാജ്യവിരുദ്ധ ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരകളിൽ നിന്ന് അകന്നു നിൽക്കുകപോലും ചെയ്തു. ഈ തെറ്റുകൾ കമ്യൂണിസ്റ്റുകാരുടെ ശാസ്ത്രീയ ചൈതന്യത്തെ ക്ഷതപ്പെടുത്താനും മാർക്സിസത്തിന്റെ വളർച്ചയെ തടയാനുമാണ് ഉപകരിച്ചത്.

ഇത്തരം പോരായ്മകളൊക്കെയുണ്ടായിട്ടും, മെല്ലെമെല്ലെയാണെങ്കിലും, മാർക്സിസം ഇന്ത്യയുടെ മണ്ണിൽ വേരൂന്നാൻ തുടങ്ങി. എന്തെന്നാൽ, ആധുനികഭാരതത്തിന്റെ ചരിത്രപരമായ ഒരാവശ്യകതയായിരുന്നു അത്.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗുഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10